ശ്രീ. ജോസഫ് ചാഴിക്കാട്ട് : കാസർകോഡ് താലൂക്കിൽ ഏതാനും ആയിരം ഏക്കർ സ്ഥലം വനമായി മാറ്റിയിട്ടിരിക്കുകയും അതിൽനിന്നു ഗവണ്മെൻറിനു യാതൊരാദായവും കിട്ടാതിരിക്കുകയുമാണു്. ആ ഭൂമി ഭൂരഹിതരായ ആളുകൾക്കു് രണ്ടുമൂന്നു് ഏക്കർ വീതം വീതിച്ചുകൊടുക്കുന്നതിനു് ഗവണ്മെൻറു് ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അതുപോലെയൊരു പദ്ധതിയെപ്പറ്റി ഞാൻ പറഞ്ഞു. രണ്ടായിരം കുടുംബങ്ങളെ പാർപ്പിക്കാനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണു്. പദ്ധതി പൂർത്തിയായിട്ടില്ല. ഇനിയും ഭൂമി ബാക്കിയുണ്ടെന്നു ഗവണ്മെൻറിനറിയാം. ആ ഭൂമിയിൽ ഒരുഭാഗം മനുഷ്യർക്കു പാർക്കാൻ കൊള്ളാത്ത നിലയിൽ, വെട്ടുകല്ലു് മാത്രമുള്ള ഭൂമിയായതുകൊണ്ടു് അവിടെ കൃഷിചെയ്യാൻ പ്രയാസമാണു്. മഴ പെയ്താൽ വെള്ളം മുഴുവൻ ഒലിച്ചുപോകും. അങ്ങനെയുള്ള സ്ഥലത്തു് തൽക്കാലം റീ ഹാബിലിറ്റേറ്റു് ചെയ്യാൻ സാധിക്കുമോ എന്നു സംശയമാണു്.

പോലീസ് സ്റ്റേഷനുകളും പോലീസ് ഔട്ട്പോസ്റ്റുകളും

* 163. [19] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി ഇക്കൊല്ലം പോലീസ് സ്റ്റേഷനുകളും പോലീസ് ഔട്ട്പോസ്റ്റുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്കു് ; എവിടെയെല്ലാം;

(സി) മീനച്ചിൽ താലൂക്കിൽ മേലുകാവിൽ ഒരു പോലീസ് സ്റ്റേഷനും വല്യകുമാരമംഗലത്തു് ഒരു പോലീസ് ഔട്ട്പോസ്റ്റും തുടങ്ങുവാൻ മടിയുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പുതിയ ഔട്ട്പോസ്റ്റുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നില്ല. പുതിയ പോലീസ് സ്റ്റേഷനുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

(ബി) ഈ സാമ്പത്തികവർഷത്തിൽത്തന്നെ കുമരകം, കടുത്തുരുത്തി (കോട്ടയം ജില്ല), കോളവല്ലൂർ (കണ്ണൂർ), ചാത്തന്നൂർ (കൊല്ലം), അമ്പലവയൽ (കോഴിക്കോടു്), മുളന്തുരുത്തി (എറണാകുളം), എന്നീ ആറു് പോലീസ് ഔട്ട്പോസ്റ്റുകളെ ചാർജിംഗ് സ്റ്റേഷനാക്കി ഉയർത്താനും, ഹോമാംബികാനഗർ (പാലക്കാടുജില്ല) പുത്തൻകുരിശു് (എറണാകുളം), എടക്കര (കോഴിക്കോടു്), എന്നീ സ്ഥലങ്ങളിൽ ഓരോ പുതിയ ചാർജിംഗ് സ്റ്റേഷൻ തുറക്കുവാനും ഗവണ്മെൻറു് നിശ്ചയിച്ചിട്ടുണ്ടു്.

(സി) ഇപ്പോൾ ഉദ്ദേശമില്ല.

ശ്രീ. ടി. കൃഷ്ണൻ : കൊല്ലത്തു തന്നെ ഈസ്റ്റു്, വെസ്റ്റു് എന്നീ പോലീസ് സ്റ്റേഷനോടൊപ്പം കാവനാടു് ഒരു ഔട്ട്പോസ്റ്റു കൂടിയുണ്ടു്. ഇതു് നീണ്ടകര പാലത്തിനടുത്തോട്ടു മാറ്റിസ്ഥാപിക്കുമോ ?

ശ്രീ. ആർ. ശങ്കർ : വളരെക്കാലമായി നിലവിലിരിക്കുന്ന ഒരു ഔട്ട്പോസ്റ്റു് രണ്ടു ഫർലോംഗു് മാറ്റിസ്ഥാപിക്കണമെന്നാണു് നിർദ്ദേശം. അതാവശ്യമാണെന്നു തോന്നുന്നില്ല.

പോലീസ് നായ്ക്കൾ.

* 164. [20] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ പോലീസ് ഡിപ്പാർട്ടുമെൻറു വകയായി എത്ര പോലീസ് നായ്ക്കളുണ്ടു് ; പരിശീലനം പൂർത്തിയായവ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly